# മത്തായിയുടെ സുവിശേഷത്തിന്റെ

# ജീവ-പഠനം

### ദൂത് ഇരുപത്തഞ്ച്

## രാജാവിന്റെ ശുശ്രൂഷയുടെ തുടർച്ച

### (1)

Sat സ്വർഗരാജ്യത്തിന്റെ ഭരണഘടനയിൽ നമുക്കെങ്ങനെ സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കാമെന്നു പറയുന്ന നാലു വാക്യങ്ങളുണ്ട്. ഒന്നാമത്തേത് മത്തായി 5:3 ആണ്; അതു പറയുന്നു, "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു." രണ്ടാമത്തേതു പറയുന്നു, "നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു" (5:10). ഈ രണ്ടു വാക്യങ്ങളും ഇക്കാലത്തെ പരാമർശിക്കുന്നു. ഇന്ന് നാം രാജ്യത്തിന്റെ യാഥാർഥ്യത്തിലായിരിക്കണമെങ്കിൽ, നാം ആത്മാവിൽ ദരിദ്രരും, നീതി നിമിത്തം ഉപദ്രവിക്കപ്പെടുന്നവരും ആയിരിക്കണം. രാജ്യത്തിന്റെ യാഥാർഥ്യം ഇന്ന് മുഖ്യമായും നമ്മുടെ നീതിയെ ആശ്രയിച്ചിരിക്കുന്നു. ആത്മാവിൽ ദരിദ്രരായിരിക്കുന്നതിലൂടെ നാം രാജ്യത്തിന്റെ യാഥാർഥ്യത്തിലേക്ക് ആനയിക്കപ്പെടുന്നു. നമ്മുടെ മനസ്സിൽ ഒരു മാറ്റം ഉണ്ടായതിനുശേഷം നാം കർത്താവിലേക്കു തിരിയുകയും നമ്മുടെ ആത്മാവിൽ ശൂന്യരായിത്തീരുകയും ചെയ്യുന്നു. ഈ രീതിയിൽ കർത്താവ് തന്റെ സ്വർഗീയ രാജ്യത്തോടുകൂടെ നമ്മുടെ ആത്മാവിൽ പ്രവേശിക്കുന്നു. ആ നിമിഷം മുതൽ നാം രാജ്യത്തിന്റെ യാഥാർഥ്യത്തിൽ ജീവിക്കുവാൻ ആരംഭിക്കുന്നു. നീതിമാനായിരിക്കുന്നതിലൂടെ നാം ഈ യാഥാർഥ്യത്തിൽ കാക്കപ്പെടുന്നു. എങ്കിലും, നാം നീതിമാന്മാരല്ലെങ്കിൽ, നാം രാജ്യത്തിന്റെ യാഥാർഥ്യത്തിനു വെളിയിലാണ്. നാം നീതി നിലനിർത്തുന്നിടത്തോളം രാജ്യത്തിന്റെ യാഥാർഥ്യത്തിൽ കാത്തുസൂക്ഷിക്കപ്പെടുന്നു. ദിവസേനയുള്ള നിങ്ങളുടെ ജീവിതത്തെ പരിശോധിക്കുക. നിങ്ങൾ നീതിയെക്കുറിച്ച് അയഞ്ഞവരും, വളരെ സ്വതന്ത്രരും, അശ്രദ്ധയുള്ളവരുമാണെങ്കിൽ, നിങ്ങൾ ഉടനെതന്നെ രാജ്യത്തിന്റെ യാഥാർഥ്യത്തിൽനിന്നും വേർപെടുത്തപ്പെടുന്നു. ഇന്നു നാം രാജ്യത്തിന്റെ യാഥാർഥ്യത്തിലായിരിക്കണമെങ്കിൽ, നാം ആത്മാവിൽ ദരിദ്രരായിരിക്കുകയും

നീതി നിമിത്തം കഷ്ടം സഹിക്കുവാൻപോലും മനസ്സുള്ളവരായി, നമ്മെത്തന്നെ നീതിയിൽ സൂക്ഷിക്കുകയും വേണം.

രാജ്യത്തിലേക്ക് എങ്ങനെ പ്രവേശിക്കാമെന്നു പറയുന്ന മറ്റു രണ്ടു വാക്യങ്ങൾ ഭാവിയിൽ സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലേക്കു പ്രവേശിക്കുന്നതിനെ പരാമർശിക്കുന്നു. മത്തായി 5:20 പറയുന്നു, "നിങ്ങളുടെ നീതി ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതിയെ കവിയാഞ്ഞാൽ നിങ്ങൾ ഒരുവിധത്തിലും സ്വർഗരാജ്യത്തിലേക്ക് പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു." ഇത് സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിൽ പങ്കെടുക്കുന്നതിനെ പരാമർശിക്കുന്നു. സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് നാം പ്രവേശിക്കണമെങ്കിൽ, നമുക്ക് കവിയുന്ന നീതി ആവശ്യമാണ്. തന്മൂലം, നീതി രാജ്യത്തിന്റെ യാഥാർഥ്യത്തിൽ നമ്മെ സൂക്ഷിക്കുക മാത്രമല്ല, രാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നു.

അവസാനത്തെ വാക്യം 7:21 ആണ്; അതു പറയുന്നു, "എന്നോട് കർത്താവേ, കർത്താവേ എന്നു പറയുന്ന ഏവനുമല്ല, എന്നാൽ സ്വർഗസ്ഥനായ എന്റെ പിതാവിന്റെ ഹിതം ചെയ്യുന്നവൻ സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കും." സ്വർഗരാജ്യത്തിലേക്കു പ്രവേശിക്കുന്നതിനായി നാം പിതാവിന്റെ ഹിതം ചെയ്യണമെന്ന് ഈ വാക്യം വെളിപ്പെടുത്തുന്നു. അതുകൊണ്ട്, നീതിയും പിതാവിന്റെ ഹിതം ചെയ്യുന്നതുമാണ് നമ്മെ രാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് ആനയിക്കുന്നത്. നീതി മുഖ്യമായും നമ്മുടെ ജീവിതത്തെ പരാമർശിക്കുകയും, പിതാവിന്റെ ഹിതം ചെയ്യുന്നത് മുഖ്യമായും നമ്മുടെ വേലയെ പരാമർശിക്കുകയും ചെയ്യുന്നു. നമ്മുടെ ജീവിതവും നമ്മുടെ വേലയും, സ്വർഗരാജ്യത്തിന്റെ ഭരണഘടന അനുസരിച്ചായിരിക്കണം. നമ്മുടെ ജീവിതം ഈ ഭരണഘടന അനുസരിച്ചാണെങ്കിൽ, അത് നീതിയുള്ളതായിരിക്കും. നമ്മുടെ വേല ഭരണഘടന അനുസരിച്ചാണെങ്കിൽ, അത് പിതാവിന്റെ ഹിതം ചെയ്യുന്നതായിരിക്കും. ഇത്തരത്തിലുള്ള ജീവിതവും വേലയും നമ്മെ രാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് പ്രവേശിക്കുവാൻ യോഗ്യരാക്കുന്നു. അതുകൊണ്ട്, നമ്മുടെ ആത്മാവിൽ ദരിദ്രരായിരിക്കുന്നതിലൂടെ നാം രാജ്യത്തിന്റെ യാഥാർഥ്യത്തിലേക്ക് ആനയിക്കപ്പെടുകയും, നീതിയിലൂടെ നാം ഈ യാഥാർഥ്യത്തിൽ കാക്കപ്പെടുകയും ചെയ്യുന്നു. കവിയുന്ന നീതിയാലും, പിതാവിന്റെ ഹിതം ചെയ്യുന്നതിനാലും നാം സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലേക്ക് പ്രവേശിക്കും.

മലയിൽവച്ച് സ്വർഗരാജ്യത്തിന്റെ ഭരണഘടന നൽകിയതിനുശേഷം, തന്റെ ശുശ്രൂഷ തുടരുവാൻ കർത്താവായ യേശു മലയിൽനിന്നും ഇറങ്ങിവന്നു. ഈ ദൂതിൽ നമുക്ക് രാജാവിന്റെ ശുശ്രൂഷയുടെ തുടർച്ചയെ ചിന്തിക്കാം (8:1—9:34).

## I. യുഗപരമായ പ്രാധാന്യത്തോടുകൂടെയുള്ള അടയാളങ്ങൾ

പുതിയ രാജാവ് തന്റെ രാജകീയ ശുശ്രൂഷ നിർവഹിക്കുവാൻ മലയിൽനിന്നും ഇറങ്ങി വന്നതിനുശേഷം അവൻ ആദ്യം ചെയ്ത കാര്യം അശുദ്ധരെ വെടിപ്പാക്കുന്നതും, രോഗികളെ സൗഖ്യമാക്കുന്നതും, ഭൂതംബാധിച്ചവരിൽനിന്നും ഭൂതങ്ങളെ പുറത്താക്കുന്നതുമായിരുന്നു: ഇത് അവരെല്ലാം സ്വർഗരാജ്യത്തിന്റെ ജനമായിത്തീരുന്നതിനു വേണ്ടിയായിരുന്നു (8:2-17).

2 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന അത്ഭുതങ്ങൾക്ക്, അഥവാ അടയാളങ്ങൾക്ക് യുഗപരമായ പ്രാധാന്യമുണ്ട്. മത്തായി 8:2-16-ൽ രേഖപ്പെടുത്തിയിട്ടുള്ള നാലു സംഭവങ്ങളുടെ ക്രമത്തിന് മർക്കൊസ് 1:29—2:1-ലും ലൂക്കൊസ് 4:38-41; 5:12-14; 7:1-10 എന്നിവയിലുള്ളതിലുംനിന്ന് വ്യത്യാസമുണ്ട്. യേശു ദൈവത്തിന്റെ ദാസനാണെന്നു കാണിക്കുന്ന മർക്കൊസിന്റെ രേഖയിലെ ക്രമം ചരിത്രം അനുസരിച്ചാണ്. ക്രിസ്തു സ്വർഗരാജ്യത്തിന്റെ രാജാവാണെന്നു തെളിയിക്കുന്ന മത്തായിയുടെ രേഖയിലെ ക്രമം ഉപദേശം അനുസരിച്ചാണ്. ഒരു ഉപദേശം അവതരിപ്പിക്കുന്നതിന് മത്തായി തന്റെ സുവിശേഷത്തിൽ ചില സംഭവങ്ങൾ ഒരുമിച്ചു വയ്ക്കുന്നു. യേശു മനുഷ്യന്റെ രക്ഷകനായിരിക്കാനുള്ള ശരിയായ മനുഷ്യനാണെന്നു വെളിപ്പെടുത്തുന്ന ലൂക്കൊസിന്റെ രേഖയിലെ ക്രമം ധാർമികത അനുസരിച്ചാണ്. ക്രിസ്തു ദൈവപുത്രനാണെന്നും ദൈവം തന്നെയാണെന്നും സാക്ഷ്യപ്പെടുത്തുന്ന യോഹന്നാന്റെ രേഖയിലെ ക്രമവും ഏറെക്കുറെ ചരിത്രം അനുസരിച്ചാണ്. അതുകൊണ്ട്, നാലു സുവിശേഷങ്ങളിൽ മൂന്നു തരത്തിലുള്ള അനുക്രമങ്ങളുണ്ട്: ചരിത്രപരവും, ഉപദേശപരവും, ധാർമികവും. മത്തായി 8:1-17-ൽ മൂന്ന് അത്ഭുതങ്ങളും—കുഷ്ഠരോഗിയെ വെടിപ്പാക്കുന്നതും, ജാതീയനായ ബാല്യക്കാരന്റെ തളർവാതത്തിൽനിന്നുള്ള സൗഖ്യവും, പത്രൊസിന്റെ അമ്മാവിയമ്മയുടെ സൗഖ്യവും—അനേകരുടെ സൗഖ്യവും അർഥവത്തായ ഒരു ഉപദേശത്തെ അവതരിപ്പിക്കുന്നതിന് ഒരു കൂട്ടമാക്കിയിരിക്കുന്നു, അതായത്, അവയ്ക്ക് യുഗപരമായ ഒരു പ്രാധാന്യമുണ്ട്. ആദ്യം നമുക്ക് കുഷ്ഠരോഗിയുടെ സൗഖ്യത്തെ ചിന്തിക്കാം (വാ. 1-4).

### A. കുഷ്ഠരോഗിയുടെ സൗഖ്യം

#### *1. രാജാവ് മലയിൽനിന്നും ഇറങ്ങിവരുന്നു*

വാക്യം 1 പറയുന്നു, "അവൻ മലയിൽനിന്ന് ഇറങ്ങിവന്നപ്പോൾ വലിയ പുരുഷാരം അവനെ പിന്തുടർന്നു." മലയിൽനിന്നുള്ള

രാജാവിന്റെ ഇറങ്ങിവരവ് സൂചിപ്പിക്കുന്നത് സ്വർഗീയ രാജാവ് സ്വർഗത്തിൽനിന്നും ഭൂമിയിലേക്കു ഇറങ്ങി വന്നിരിക്കുന്നു എന്നാണ്. അവൻ ഒന്നാമത് യെഹൂദന്മാരിലേക്ക് എത്തുവാൻ വരുന്നു, കാരണം ഇവിടെ സംശയലേശമെന്യേ കുഷ്ഠരോഗി യെഹൂദജനത്തെ പ്രതിനിധീകരിക്കുന്നു. കുഷ്ഠരോഗം പിടിച്ച യെഹൂദന്മാർക്ക് ആദ്യം രക്ഷ കൊണ്ടുവരുന്നതിന് സ്വർഗീയ രാജാവ് സ്വർഗത്തിൽനിന്നും ഇറങ്ങിവന്നു. റോമാലേഖനം ഒന്നാം അധ്യായം അനുസരിച്ച് രക്ഷ ആദ്യം യെഹൂദർക്കും പിന്നെ ജാതികൾക്കും ആണ് (വാ. 16).

### *2. തന്നെ വെടിപ്പാക്കപ്പെടുന്നതിനുവേണ്ടി അവനെ ആരാധിച്ചുംകൊണ്ട് ഒരു കുഷ്ഠരോഗി അവനെ സമീപിക്കുന്നു*

വാക്യം 2 പറയുന്നു, "ഇതാ, ഒരു കുഷ്ഠരോഗി അവന്റെ അടുക്കൽ വന്ന്, കർത്താവേ, നീ ഇച്ഛിക്കുന്നുവെങ്കിൽ, എന്നെ വെടിപ്പാക്കുവാൻ നിനക്കു കഴിയും എന്നു പറഞ്ഞുകൊണ്ട് അവനെ ആരാധിച്ചു." കുഷ്ഠരോഗി പുതിയ രാജാവിനെ ആരാധിക്കുകയും, അവൻ കർത്താവായ ദൈവമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് അവനെ കർത്താവെന്നു വിളിക്കുകയും ചെയ്യു. യാഥാർഥ്യത്തിൽ പുതിയ രാജാവ് യഹോവയായ ദൈവമാണ് (1:21, 23).

മത്തായി 8-ൽ രേഖപ്പെടുത്തിയിരിക്കുന്ന സംഭവങ്ങളിൽ സൗഖ്യമാക്കപ്പെട്ട രോഗങ്ങൾ അർഥവത്താണ്, കാരണം എല്ലാ രോഗവും ഒരു പ്രത്യേക ആത്മിക അസുഖത്തെ സൂചിപ്പിക്കുന്നു. രാജ്യജനമായിരിക്കുവാൻ രാജകീയ രക്ഷകനാൽ രക്ഷിക്കപ്പെട്ട ഒന്നാമത്തെ ജനവിഭാഗം ഒരു കുഷ്ഠരോഗിയാൽ പ്രതിനിധീകരിക്കപ്പെടുന്നു. തിരുവെഴുത്തിൻ പ്രകാരമുള്ള ഉദാഹരണങ്ങളനുസരിച്ച് കുഷ്ഠരോഗം വരുന്നത് മത്സരത്തിൽനിന്നും അനുസരണക്കേടിൽ നിന്നുമാണ്. ദൈവത്തിന്റെ നിയുക്താധികാരിയായിരുന്ന മോശെക്കെതിരെയുള്ള തന്റെ മത്സരം നിമിത്തം മിര്യാം കുഷ്ഠരോഗിയായിത്തീർന്നു (സംഖ്യ. 12:1-10). നയമാന്റെ അനുസരണം നിമിത്തം അവന്റെ കുഷ്ഠം വെടിപ്പാക്കപ്പെട്ടു (2 രാജാ. 5:1, 9-14). തങ്ങളുടെ മത്സരം നിമിത്തം വീണുപോയ സകല മനുഷ്യരും ദൈവത്തിന്റെ ദൃഷ്ടിയിൽ കുഷ്ഠരോഗികളായിത്തീർന്നു. കുഷ്ഠം മത്സരത്തിന്റെ ആവിഷ്കാരമാണ്. മത്സരം ആന്തരികവും, കുഷ്ഠം ബാഹ്യമായ പ്രത്യക്ഷതയും ആണ്. മനുഷ്യർ തന്റെ രാജകീയ ജനമായിത്തീരേണ്ടതിന് അവരുടെ മത്സരത്തിൽനിന്നും രക്ഷിക്കുവാനും അവരുടെ കുഷ്ഠത്തിൽനിന്നും അവരെ വെടിപ്പാക്കുവാനും ഇപ്പോൾ രാജകീയ രക്ഷകൻ വരുന്നു.

കുഷ്ഠം വൃത്തികെട്ടതായ ഒരു അസുഖമാണ്. പഴയനിയമത്തിൽ ഒരു കുഷ്ഠരോഗിയെ താൻ ശുദ്ധനാകുന്നതുവരെ

യിസ്രായേൽമക്കളുടെ പാളയത്തിൽനിന്നും ഒഴിവാക്കിയിരുന്നു. ഇതു സൂചിപ്പിക്കുന്നത് ദൈവജനത്തിനിടയിൽ മത്സരിയും അതുനിമിത്തം കുഷ്ഠരോഗിയും ആയിത്തീർന്ന ഒരുവൻ, താൻ സൗഖ്യമാകുന്നതുവരെ ദൈവജനത്തിന്റെ കൂട്ടായ്മയിൽനിന്നും ഛേദിക്കപ്പെടും എന്നാണ്. ഇവിടെ കുഷ്ഠരോഗി യെഹൂദന്മാരെ പ്രതിനിധീകരിക്കുന്നു. യെഹൂദന്മാർ ദൈവത്തിനെതിരെ മത്സരികളായിത്തീർന്നിരിക്കുന്നു. അങ്ങനെ, ദൈവത്തിന്റെ ദൃഷ്ടിയിൽ അവർ കുഷ്ഠരോഗികളാണ്. എന്നിരുന്നാലും, സ്വർഗീയ രാജാവ് അവരെ വിധിക്കാനല്ല, അവരെ സൗഖ്യമാക്കുവാൻ ആദ്യം അവരുടെ അടുക്കൽ വന്നു. 9:12-ൽ കർത്താവ് ചൂണ്ടിക്കാണിച്ചതുപോലെ രോഗികളെ സൗഖ്യമാക്കുവാൻ അവൻ ഒരു വൈദ്യനായി വന്നു. യെഹൂദന്മാരെ സൗഖ്യമാക്കുവാനും അവർക്ക് രക്ഷ കൊണ്ടുവരുവാനും അവൻ ആദ്യം അവരിൽ എത്തിച്ചേരുവാൻ വന്നു.

### *3. രാജാവ് തന്റെ കൈ നീട്ടുകയും അവനെ സൗഖ്യമാക്കുവാൻ അവനെ തൊടുകയും ചെയ്യുന്നു*

വാക്യം 3 പറയുന്നു, "തന്റെ കൈ നീട്ടിയിട്ട്, ഞാൻ ഇച്ഛിക്കുന്നു; വെടിപ്പാകുക! എന്നു പറഞ്ഞുകൊണ്ട് അവൻ അവനെ തൊട്ടു; ഉടനെ അവന്റെ കുഷ്ഠം വെടിപ്പായിത്തീർന്നു." ന്യായപ്രമാണമനുസരിച്ച് തന്റെ അശുദ്ധി നിമിത്തം ഒരു കുഷ്ഠരോഗി ജനത്തിൽനിന്നും ഒഴിവാക്കപ്പെടണം. ആർക്കും അവനെ തൊടുവാൻ കഴിയുകയില്ല (ലേവ്യ. 13:45-46). എന്നാൽ ഒരു മനുഷ്യനും രാജകീയ രക്ഷകനുമായ പുതിയ രാജാവ് അവനെ തൊട്ടു. എന്തൊരു കരുണയും സഹതാപവും! അവന്റെ ഏക സ്പർശനത്താൽ അവന്റെ കുഷ്ഠരോഗം ഉടനെ വെടിപ്പാക്കപ്പെട്ടു. എത്ര അത്ഭുതകരമായ വെടിപ്പാക്കൽ!

### *4. വെടിപ്പാക്കപ്പെട്ട കുഷ്ഠരോഗി ഒരു സാക്ഷ്യത്തിനായി ഉപഹാരം അർപ്പിക്കുവാൻ രാജാവ് ആജ്ഞാപിക്കുന്നു*

വാക്യം 4 പറയുന്നു, "യേശു അവനോട്, ആരോടും പറയാതിരിക്കേണ്ടതിന് നോക്കിക്കൊള്ളുക; എന്നാൽ പോയി നിന്നെത്തന്നെ പുരോഹിതനു കാണിക്കുകയും അവർക്ക് ഒരു സാക്ഷ്യത്തിനായി മോശെ കല്പിച്ച ഉപഹാരം അർപ്പിക്കുകയും ചെയ്യുക എന്നു പറഞ്ഞു." അവസ്ഥാന്തര കാലഘട്ടം അപ്പോഴും നിലനിന്നിരുന്നതുകൊണ്ട്, തന്റെ വീണ്ടെടുപ്പിൻ മരണത്താൽ പഴയ ന്യായപ്രമാണം അപ്പോഴും നിവർത്തിക്കപ്പെടാത്തതുകൊണ്ട്, പുതിയ രാജാവ് വെടിപ്പാക്കപ്പെട്ട കുഷ്ഠരോഗിയോട് അവന്റെ ശുദ്ധീകരണത്തിനു വേണ്ടി ന്യായപ്രമാണത്തിന്റെ ചട്ടങ്ങൾക്കനുസരിച്ച് കാര്യങ്ങൾ ചെയ്യുവാൻ പറഞ്ഞു.

## B. ശതാധിപന്റെ ബാല്യക്കാരനായ ദാസന്റെ സൗഖ്യം

### *1. തന്റെ ബാല്യക്കാരനായ ദാസന്റെ സൗഖ്യത്തിനുവേണ്ടി ശതാധിപൻ അവനെ സമീപിക്കുകയും അപേക്ഷിക്കുകയും ചെയ്യുന്നു*

കർത്താവ് കഫർന്നഹൂമിലേക്ക് പ്രവേശിച്ചതിനുശേഷം, "ഒരു ശതാധിപൻ അവന്റെ അടുക്കൽ വന്നു അപേക്ഷിച്ച്, കർത്താവേ, എന്റെ ബാല്യക്കാരൻ പക്ഷവാതം ബാധിച്ചു ഭയങ്കരമായി യാതന സഹിച്ചുകൊണ്ട് വീട്ടിൽ കിടക്കുന്നു എന്നു പറഞ്ഞു" (വാ. 5-6). ഒരു ശതാധിപൻ, റോമാസൈന്യത്തിൽ നൂറു ഭടന്മാരുടെ മേലുദ്യോഗ സ്ഥനായിരുന്നു. 2 മുതൽ 4 വരെയുള്ള വാക്യങ്ങളിലെ കുഷ്ഠരോഗി യെഹൂദന്മാരെ പ്രതിനിധീകരിക്കുമ്പോൾ, 5 മുതൽ 13 വരെയുള്ള വാക്യങ്ങളിലെ ശതാധിപൻ ജാതികളെ പ്രതിനിധീകരിക്കുന്നു. തങ്ങളുടെ മത്സരവും അനുസരണക്കേടും നിമിത്തം യെഹൂദന്മാർ ദൈവമുമ്പാകെ കുഷ്ഠംബാധിച്ചവർ, അശുദ്ധർ ആയിത്തീർന്നു: എന്നാൽ ജാതികൾ തങ്ങളുടെ പാപം നിമിത്തം തളർവാതം ബാധിച്ചവർ, പ്രവർത്തനത്തിൽ മരിച്ചവർ ആയിത്തീർന്നു. രാജകീയ രക്ഷകൻ ഒന്നാമത് യെഹൂദന്മാരുടെയും പിന്നീട് ജാതികളുടെയും അടുക്കൽ വന്നു (പ്രവൃ. 3:26; 13:46; റോമ. 1:16; 11:11). വിശ്വസിച്ച യെഹൂദന്മാർ അവന്റെ നേരിട്ടുള്ള സ്പർശനത്താൽ രക്ഷിക്കപ്പെട്ടു (വാ. 3); എന്നാൽ വിശ്വസിച്ച ജാതികൾ തന്റെ വചനത്തിലുള്ള വിശ്വാസം മൂലം രക്ഷിക്കപ്പെട്ടു (വാ. 8, 10, 13).

### *2. അധികാരത്തെ അറിയുന്ന ശതാധിപൻ ഒരു വാക്കിനുവേണ്ടി മാത്രം ചോദിക്കുന്നു*

താൻ വന്ന് ശതാധിപന്റെ ദാസനെ സൗഖ്യമാക്കും എന്ന് കർത്താവ് അവനോടു പറഞ്ഞപ്പോൾ "ശതാധിപൻ ഉത്തരം നല്കിയത്, കർത്താവ, നീ എന്റെ മേൽക്കൂരയിൻകീഴിൽ പ്രവേശിക്കുവാൻ ഞാൻ യോഗ്യനല്ല; എന്നാൽ നീ ഒരു വാക്കു മാത്രം സംസാരിക്കേണം, എന്റെ ബാല്യക്കാരൻ സൗഖ്യമാകും." ജാതീയനായ ശതാധിപൻ രാജകീയ രക്ഷകന്റെ അധികാരത്തെ അംഗീകരിക്കുകയും, അവന്റെ വാക്കിൽ സൗഖ്യമാക്കുന്ന അധികാരമുണ്ടെന്ന് തിരിച്ചറിയുകയും ചെയ്തു. അങ്ങനെ, അവൻ രാജകീയ രക്ഷകനോട് അവൻ വ്യക്തിപരമായി വരാതെ അവന്റെ വാക്കു മാത്രം അയയ്ക്കേണം എന്ന് ആവശ്യപ്പെട്ടുകൊണ്ട്, രാജകീയ രക്ഷകനെയും അവന്റെ വാക്കിനെയും വിശ്വസിച്ചു. ഇത് ശക്തിയേറിയ വിശ്വാസമായിരുന്നു, അതിൽ രക്ഷകൻ ആശ്ചര്യപ്പെടുകയും ചെയ്തു (വാ. 10).

### *3. ജാതീയനായ ശതാധിപന്റെ വിശ്വാസത്തിൽ രാജാവ് ആശ്ചര്യപ്പെടുകയും രാജ്യത്തിന്റെ ആസ്വാദനത്തിൽ അനേകം ജാതികൾ പങ്കെടുക്കുമെന്ന് സൂചിപ്പിക്കുകയും ചെയ്യുന്നു*

ശതാധിപന്റെ വിശ്വാസത്തിങ്കൽ കർത്താവായ യേശു ആശ്ചര്യപ്പെട്ടിട്ട്, "യിസ്രായേലിൽ ആരിലും ഇത്ര വലിയ വിശ്വാസം ഞാൻ കണ്ടിട്ടില്ല എന്ന് സത്യമായി ഞാൻ നിങ്ങളോടു പറയുന്നു" എന്ന് വാക്യം 10 വെളിപ്പെടുത്തുന്നു. അതുകൊണ്ട്, കിഴക്കുനിന്നും പടിഞ്ഞാറുനിന്നും അനേകർ വന്ന് സ്വർഗരാജ്യത്തിൽ അബ്രാഹാമിനോടും യിസ്ഹാക്കിനോടും, യാക്കോബിനോടുംകൂടെ മേശയിങ്കൽ ഇരിക്കുമെന്നും, എന്നാൽ രാജ്യത്തിന്റെ പുത്രന്മാരെ പുറത്തെ ഇരുട്ടിലേക്ക് തള്ളിക്കളയുമെന്നും 11-ഉം 12-ഉം വാക്യങ്ങളിൽ കർത്താവായ യേശു പറഞ്ഞു. ജാതികൾ രാജ്യത്തിന്റെ സുവിശേഷത്തിൽ പങ്കെടുക്കുമെന്ന് ഇത് ചൂണ്ടിക്കാണിക്കുന്നു (എഫെ. 3:6, 8; ഗലാ. 2:8-9; റോമ. 1:13-16). വാക്യം 11-ലെ സ്വർഗരാജ്യത്തിന്റെ പരാമർശം സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയെ സൂചിപ്പിക്കുന്നു. രാജ്യത്തിന്റെ പ്രത്യക്ഷതയിലായിരിക്കും ജയാളികളായ ജാതീയ വിശ്വാസികൾ അബ്രാഹാമിനോടും യിസ്ഹാക്കിനോടും യാക്കോബിനോടുംകൂടെ വിരുന്നുകഴിക്കുന്നത്.

വാക്യം 12-ലെ രാജ്യത്തിന്റെ പുത്രന്മാർ നല്ല വിത്തായ (13:38) രക്ഷിക്കപ്പെട്ട യെഹൂദന്മാരെ സൂചിപ്പിക്കുന്നു; എന്നാൽ ഇടുക്കമുള്ള കവാടത്തിൽ പ്രവേശിക്കുവാനും ഞെരുക്കമുള്ള വഴിയിൽ നടക്കുവാനും അവരെ പ്രാപ്തമാക്കുന്ന ശക്തിയുള്ള വിശ്വാസം അവർക്കില്ല (7:13-14). രാജ്യത്തിന്റെ പ്രത്യക്ഷതയിലെ വിരുന്ന് അവർക്ക് നഷ്ടമാകും (ലൂക്കൊ. 13:24-30). പുറത്തുള്ള ഇരുട്ട് സ്വർഗരാജ്യത്തിന്റെ പ്രത്യക്ഷതയിലെ ശോഭയുള്ള തേജസ്സിനു പുറത്തുള്ള ഇരുട്ടായിരിക്കും (25:30; 16:28). വരുന്ന രാജ്യയുഗത്തിൽ പുറത്തുള്ള ഇരുട്ടിലേക്ക് എറിയപ്പെടുന്നത് സഹസ്രാബ്ദത്തിനുശേഷം നിത്യതയോളം തീപ്പൊയ്കയിലേക്ക് എറിയപ്പെടുന്നതിൽനിന്നും വ്യത്യസ്തമാണ് (വെളി. 20:15).

### *4. ശതാധിപന്റെ ബാല്യക്കാരനായ ദാസൻ ശതാധിപന്റെ വിശ്വാസമനുസരിച്ച് സൗഖ്യം പ്രാപിക്കുന്നു*

വാക്യം 13 പറയുന്നു, "യേശു ശതാധിപനോട്, പോകുക, നീ വിശ്വസിച്ചതുപോലെ നിനക്കു ഭവിക്കട്ടെ എന്നു പറഞ്ഞു. ആ നാഴികയിൽ അവന്റെ ബാല്യക്കാരൻ സൗഖ്യമായി." കുഷ്ഠരോഗിയായിരുന്ന യെഹൂദൻ രാജാവിന്റെ നേരിട്ടുള്ള സ്പർശനത്താൽ സൗഖ്യം പ്രാപിച്ചു. രാജാവ് തന്റെ കൈ നീട്ടി അവനെ

തൊടുകയും കുഷ്ഠരോഗി സൗഖ്യമാകുകയും ചെയ്തു. എന്നാൽ ശതാധിപന്റെ ദാസൻ രാജാവിന്റെ നേരിട്ടുള്ള സ്പർശനത്താൽ സൗഖ്യം പ്രാപിച്ചില്ല. മറിച്ച്, അവൻ രാജാവിന്റെ വാക്കിനാൽ സൗഖ്യം പ്രാപിച്ചു. ജാതീയനായ ശതാധിപൻ ഈ വാക്കിൽ വിശ്വസിക്കുകയും അവന്റ ദാസന് സൗഖ്യം ലഭിക്കുകയും ചെയ്തു. യെഹൂദന്മാർ എപ്പോഴും രാജാവിന്റെ നേരിട്ടുള്ള സ്പർശനത്താൽ രക്ഷിക്കപ്പെടുന്നു, എന്നാൽ ജാതികളായ നാം രക്ഷിക്കപ്പെടുന്നത് അവന്റെ നേരിട്ടുള്ള സ്പർശനത്താലല്ല, മറിച്ച് തന്റെ രക്ഷിക്കുന്ന വചനം അയയ്ക്കു ന്നതിലൂടെയാണ്. നാം ഈ വചനത്തിൽ വിശ്വസിക്കുകയും സൗഖ്യമാകുകയും ചെയ്യുന്നു. ജാതികളായ നമ്മിൽ ആർക്കും കർത്താവിന്റെ നേരിട്ടുള്ള സ്പർശനം ഉണ്ടായിട്ടില്ല. നാം രക്ഷിക്കപ്പെട്ടത് ജീവിപ്പിക്കുന്ന, വീണ്ടുംജനിപ്പിക്കുന്ന സുവിശേഷ വചനത്തിൽ വിശ്വ സിച്ചതിലൂടെയാണ്. തന്മൂലം, ശതാധിപന്റെ ദാസൻ ജാതികളായ സകല വിശ്വാസികളെയും പ്രതിനിധീകരിക്കുന്നു. കർത്താവ് കുഷ്ഠരോഗിയുടെ വിശ്വാസത്തെ പുകഴ്ത്തിയില്ല, കാരണം അവിടെ വിശ്വാസം ശ്രദ്ധേയമായ സവിശേഷതയായിരുന്നില്ല. സവിശേഷമായ കാര്യം രാജാവിന്റെ സ്പർശനമായിരുന്നു. എന്നാൽ ശതാധിപന്റെ ദാസന്റെ സൗഖ്യത്തിന്റെ കാര്യത്തിൽ വിശ്വാസമാണ് വളരെ ശ്രദ്ധേയമായത്. തന്മൂലം, കർത്താവ് ശതാധിപന്റെ വിശ്വാസത്തെ പുകഴ്ത്തി. തൽഫലമായി ബാല്യക്കാരനായ ദാസന് സൗഖ്യം ലഭിച്ചു.

ബാല്യക്കാരൻ തളർവാതം പിടിച്ചവനായിരുന്നു. തളർവാതം പിടിച്ചി രിക്കുകയെന്നാൽ ശരീരം പ്രവർത്തനരഹിതമായിരിക്കുന്നു എന്നാണ് അർഥമാക്കുന്നത്. ജാതികളായ നാം രക്ഷിക്കപ്പെടുന്നതിനുമുമ്പ് നാം മൊത്തമായും പ്രവർത്തനരഹിതരായിരുന്നു. യെഹൂദന്മാർ കുഷ്ഠരോ ഗികളായിരുന്നു, എന്നാൽ നാം നമ്മുടെ പാപം നിമിത്തം തളർവാതം പിടിച്ചവരായിരുന്നു, പ്രവർത്തനരഹിതരായിരുന്നു. നമുക്ക് സ്വർഗീയ രാജാവിന്റെ സൗഖ്യമാക്കുന്ന രക്ഷ ആവശ്യമാണ്. അവൻ നമുക്ക് ഒരു വചനം അയയ്ക്കുകയും നാം അത് വിശ്വസിക്കുകയും ചെയ്തു. അതുകൊണ്ട്, നാം സൗഖ്യം പ്രാപിക്കുകയും, നമ്മുടെ പ്രവർത്തനം പുനഃസ്ഥാപിക്കപ്പെടുകയും ചെയ്തു; ഇപ്പോൾ നമുക്ക് നമ്മുടെ യജമാനനെ സേവിക്കുവാൻ കഴിയും. സൗഖ്യം ലഭിച്ചവനും വീണ്ടും സേവിക്കുവാൻ പ്രാപ്തനുമായിരുന്ന ബാല്യക്കാരനായ ദാസനെപ്പോലെ തന്നെയാണ് നാം.

## C. പത്രൊസിന്റെ അമ്മാവിയമ്മയുടെ സൗഖ്യം

**14-ഉം 15-ഉം വാക്യങ്ങൾ പറയുന്നു, "യേശു പത്രൊസിന്റെ വീട്ടിൽ വന്നപ്പോൾ അവന്റെ അമ്മാവിയമ്മ പനിപിടിച്ചു കിടക്കുന്നതു കണ്ടു. അവൻ അവളുടെ കൈ തൊട്ടു, പനി അവളെ വിട്ടു, അവളോ എഴുന്നേറ്റ് അവനെ സേവിച്ചു." രാജരക്ഷകനെ സ്വീക രിക്കുന്നതിലൂടെ രക്ഷിക്കപ്പെടാനിരിക്കുന്ന ഈ യുഗത്തിന്റെ**

അന്ത്യത്തിലുള്ള യെഹൂദന്മാരെ പത്രൊസിന്റെ അമ്മാവിയമ്മ പ്രതിനിധീകരിക്കുന്നു. മഹോപദ്രവ കാലമായ ആ സമയത്ത്, ദൈവത്തിന്റെ ദൃഷ്ടിയിൽ യെഹൂദന്മാർ പനിപിടിച്ചവർ (വാ. 14), ദൈവമൊഴികെയുള്ള കാര്യങ്ങളിൽ ചൂടുള്ളവർ, ആയിരിക്കും. ജാതികളുടെ രക്ഷ പൂർണ്ണമായതിനുശേഷം യെഹൂദന്മാർ രക്ഷിക്കപ്പെടേണ്ടതിന് രാജകീയ രക്ഷകൻ അവരുടെ ഈ ശേഷിപ്പിലേക്ക് മടങ്ങിവരും (റോമ. 11:25-26; സെഖ. 12:10). പത്രൊസിന്റെ അമ്മാവിയമ്മ സൗഖ്യംപ്രാപിച്ചത് പത്രൊസിന്റെ വീട്ടിൽവച്ചായിരുന്നു, അത് യിസ്രായേൽഗൃഹത്തെ പ്രതിനിധാനം ചെയ്യുന്നു. ഈ യുഗത്തിന്റെ അന്ത്യത്തിൽ യെഹൂദന്മാരുടെ എല്ലാ ശേഷിപ്പും യിസ്രായേൽഗൃഹത്തിൽ രക്ഷിക്കപ്പെടും. യെഹൂദനായ കുഷ്ഠരോഗിയെപ്പോലെ (വാ. 3), അവരും രാജകീയ രക്ഷകന്റെ നേരിട്ടുള്ള സ്പർശനത്താൽ രക്ഷിക്കപ്പെടും (വാ. 15).

ഈ യുഗത്തിന്റെ അന്ത്യത്തിൽ രക്ഷ ജാതികളിൽനിന്നും യെഹൂദന്മാരിലേക്ക് മടങ്ങിവരും. എങ്കിലും, അത് ചിതറിപ്പാർക്കുന്ന യെഹൂദന്മാരിലേക്കല്ല, യിസ്രായേൽഗൃഹത്തിലുള്ള യെഹൂദന്മാരിലേക്ക് വരും. ആ സമയത്ത് യെഹൂദന്മാർ പനിപിടിച്ചവരായിരിക്കും. യെഹൂദന്മാരെ സംബന്ധിച്ചിടത്തോളം ഇന്നും അങ്ങനെ തന്നെയാണ്. അവരിൽ അനേകരും ശാസ്ത്രത്തിലും, ധനകാര്യത്തിലും, വിദ്യാഭ്യാസത്തിലും, എല്ലാവിധ ലൗകിക ഉദ്യമത്തിലും തീക്ഷ്ണതയുള്ളവരാണ്. എന്നാൽ ദൈവത്തിന്റെ ദൃഷ്ടിയിൽ ഇതെല്ലാം പനിയാണ്. ഇന്ന് യെഹൂദന്മാരുടെ താപനില രാഷ്ട്രീയത്തിനും, വ്യവസായത്തിനും, കൃഷിക്കും, ആയോധനത്തിനുംവേണ്ടി വളരെ ഉയർന്നതാണ്. അവർ പത്രൊസിന്റെ പനിപിടിച്ച അമ്മാവിയമ്മയാൽ പ്രതിനിധീകരിക്കപ്പെടുന്നു. എന്നാൽ അവരുടെ ചൂടിലും തീക്ഷ്ണതയിലും അവർ ദൈവത്തിൽ ആശ്രയിക്കുകയോ ധാർമികതയ്ക്കുവേണ്ടി കരുതുകയോ ചെയ്യുന്നില്ല. കർത്താവ് പത്രൊസിന്റെ അമ്മാവിയമ്മയെ സൗഖ്യമാക്കിയതുപോലെതന്നെ, തീക്ഷ്ണതയുള്ളവരും, പൊള്ളുന്നവരും, പനിപിടിച്ചവരുമായ യെഹൂദന്മാരെ സൗഖ്യമാക്കുവാൻ യുഗാന്ത്യത്തിൽ അവൻ പിന്നെയും മടങ്ങിവരും. അവരുടെ വിശ്വാസത്താലല്ല, അവന്റെ നേരിട്ടുള്ള സ്പർശനം മൂലം അവൻ അവരെ സൗഖ്യമാക്കും. കർത്താവിന്റെ രണ്ടാം വരവിങ്കൽ, യെഹൂദന്മാർ അവന്റെ എത്തിച്ചേരലിനാൽ നേരിട്ട് സ്പർശിക്കപ്പെടുകയും രക്ഷിക്കപ്പെടുകയും ചെയ്യും.

പത്രൊസിന്റെ അമ്മാവിയമ്മ സൗഖ്യംപ്രാപിച്ച ഉടനെ അവൾ എഴുന്നേറ്റ് കർത്താവിന് ശുശ്രൂഷ ചെയ്തു (വാ. 15). ഇത് സൂചിപ്പിക്കുന്നത് കർത്താവിന്റെ മടങ്ങിവരവിങ്കൽ യെഹൂദന്മാരുടെ ശേഷിപ്പ് രക്ഷിക്കപ്പെട്ടശേഷം അവർ എഴുന്നേറ്റ് സഹസ്രാബ്ദത്തിൽ അവന് ശുശ്രൂഷ ചെയ്യും എന്നാണ്.

## D. അനേകരെ സൗഖ്യമാക്കുന്നു—സഹസ്രാബ്ദത്തിൽ ഭൂമിയിലുള്ള എല്ലാവരെയും പുനഃസ്ഥാപിക്കുന്നു

### *1. വൈകുന്നേരം വന്നിരിക്കുന്നു*

വാക്യം 16 പറയുന്നു, "വൈകുന്നേരമായപ്പോൾ, അവർ അനേകം ഭൂതഗ്രസ്തരെ അവന്റെ അടുക്കൽ കൊണ്ടുവന്നു, ഒരു വാക്കിനാൽ അവൻ ആത്മാക്കളെ പുറത്താക്കി, രോഗികളായിരുന്നവരെയെല്ലാം അവൻ സൗഖ്യമാക്കി." "അനേകം ഭൂതഗ്രസ്തർ" "രോഗികളായിരുന്നവരെയെല്ലാം" എന്നീ പദങ്ങൾ സഹസ്രാബ്ദത്തിൽ ഭൂമിയിൽ ആയിരിക്കുന്ന സകല ജനത്തെയും പ്രതിനിധീകരിക്കുന്നു. സഹസ്രാബ്ദമായിരിക്കും പഴയ ആകാശത്തിലും പഴയ ഭൂമിയിലുമുള്ള അവസാനത്തെ യുഗം; അങ്ങനെ, ഇതിനെ പഴയ ആകാശത്തിന്റെയും പഴയ ഭൂമിയുടെയും വൈകുന്നേരമായി കണക്കാക്കുന്നു. ഈ "വൈകുന്നേര"ത്തിനുശേഷം, പുതിയ യെരൂശലേമിനോടുകൂടെയുള്ള പുതിയ ആകാശവും പുതിയ ഭൂമിയും എന്ന പുതിയ ദിവസം ഉണ്ടായിരിക്കും.

### *2. അനേകം ഭൂതഗ്രസ്തരും എല്ലാ രോഗികളും സൗഖ്യമാക്കപ്പെടുന്നു—വരുന്ന യുഗത്തിന്റെ ശക്തിയുടെ മുൻരുചി*

സഹസ്രാബ്ദത്തിൽ ഭൂതങ്ങളെ പുറത്താക്കുവാനും രോഗങ്ങളെ സൗഖ്യമാക്കാനുമുള്ള പരമമായ ശക്തി ഉണ്ടായിരിക്കും. തന്മൂലം, സകല ഭൂതഗ്രസ്തരും എല്ലാ രോഗികളും സൗഖ്യമാക്കപ്പെടും. യെശയ്യാവിന്റെ പ്രവചനങ്ങൾ ഇതിനെ സാക്ഷ്യപ്പെടുത്തുന്നു (യെശ. 35:5-6). അത് ഒരു യഥാർഥ പുനഃസ്ഥാപനമായിരിക്കും. ഈ യുഗത്തിൽ ഭൂതങ്ങളെ പുറത്താക്കുന്നതും രോഗികളെ സൗഖ്യമാക്കുന്നതും വരുന്ന യുഗത്തിലെ വിപുലമായ ശക്തിയുടെ ഒരു മുൻരുചി മാത്രമാണ്. വാക്യം 16-ൽ, പത്രൊസിന്റെ അമ്മാവിയമ്മയെ സൗഖ്യമാക്കിയതിനുശേഷം, വൈകുന്നേരമായപ്പോൾ ഭൂതഗ്രസ്തരും രോഗികളുമായിരുന്ന അനേകരെ അവൻ സൗഖ്യമാക്കി. ക്രിസ്തു മടങ്ങിവരുകയും യെഹൂദന്മാർ രക്ഷിക്കപ്പെടുകയും ചെയ്തതിനുശേഷം സഹസ്രാബ്ദം ആരംഭിക്കുമെന്ന് ഇതു സൂചിപ്പിക്കുന്നു. ആ കാലഘട്ടത്തിൽ എല്ലാ രോഗങ്ങളും സൗഖ്യമാക്കപ്പെടും. തന്മൂലം, 2 മുതൽ 17 വരെയുള്ള വാക്യങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന അടയാളങ്ങൾക്ക് യുഗപരമായ ഒരു സവിശേഷതയുണ്ട്.

### *3. പ്രവാചക വചനത്തിന്റെ നിറവേറൽ*

വാക്യം 17 പറയുന്നു, "അവൻതന്നെ നമ്മുടെ ബലഹീനതകളെ നീക്കുകയും നമ്മുടെ വ്യാധികളെ വഹിക്കുകയും ചെയ്തു എന്ന്

യെശയ്യാ പ്രവാചകനിലൂടെ അരുളിച്ചെയ്തത് നിവൃത്തിയാകുവാൻ തക്കവണ്ണംതന്നെ." വീണുപോയ ജനത്തിൽ നിർവഹിക്കപ്പെട്ട സകല സൗഖ്യങ്ങളും കർത്താവിന്റെ വീണ്ടെടുപ്പു നിമിത്തമാണ്. അവൻ തന്റെ ക്രൂശിൽ നമ്മുടെ ബലഹീനതകളെ എടുക്കുകയും നമ്മുടെ വ്യാധികളെ ചുമക്കുകയും, അവിടെ നമുക്കുവേണ്ടി പൂർണ്ണ സൗഖ്യം നിവർത്തിക്കുകയും ചെയ്തു. എങ്കിലും, ദിവ്യശക്തിയാലുള്ള സൗഖ്യത്തിന്റെ പ്രയോഗം ഈ യുഗത്തിൽ ഒരു മുൻരുചി മാത്രമായിരിക്കും; വരുന്ന യുഗത്തിലായിരിക്കും പൂർണ്ണ രുചി നിവർത്തിക്കപ്പെടുന്നത്.

Tue

## II. രാജാവിനെ അനുഗമിക്കാനുള്ള മാർഗം

### A. പുരുഷാരത്തിൽനിന്നും മാറിപ്പോകുവാൻ രാജാവ് ആജ്ഞ നൽകുന്നു

വാക്യം 18 പറയുന്നു, "തന്റെ ചുറ്റും പുരുഷാരത്തെ കണ്ടപ്പോൾ യേശു അക്കരെയ്ക്ക് മാറിപ്പോകുവാൻ ആജ്ഞാപിച്ചു." നാലു സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ, കർത്താവ് തന്റെ ശുശ്രൂഷയിൽ എപ്പോഴും പുരുഷാരത്തിൽനിന്നും പിൻവാങ്ങിയിരുന്നു. ജിജ്ഞാസയുള്ളവർ തന്നൊടുകൂടെയായിരിക്കുവാൻ അവൻ ആഗ്രഹിച്ചില്ല. അവൻ വലിയ ആൾക്കൂട്ടത്തിനു വേണ്ടി കരുതിയില്ല, പ്രത്യുത തന്നെ ആത്മാർഥമായി അന്വേഷിക്കുന്നവർക്കുവേണ്ടി മാത്രം കരുതി.

### B. രാജാവിനെ അനുഗമിക്കുവാൻ ഒരു ശാസ്ത്രി വരുന്നു

സ്വർഗീയ രാജാവിനെ അനുഗമിക്കാനുള്ള മാർഗം 18 മുതൽ 22 വരെയുള്ള വാക്യങ്ങളിൽ നാം കാണുന്നു. രാജാവിന്റെ അടുക്കലേക്കു വന്ന രണ്ടുപേരുടെ സംഭവങ്ങളിലൂടെ മാർഗം വെളിപ്പെടുത്തിയിരിക്കുന്നു. ഒന്നാമത്, ഒരു ശാസ്ത്രി, അവനോടു പറഞ്ഞു, "ഗുരോ നീ എവിടെ പോയാലും ഞാൻ നിന്നെ അനുഗമിക്കും." ഇങ്ങനെ പറയുന്നതിൽ അവൻ വില പരിഗണിച്ചില്ല. തന്മൂലം, വാക്യം 20-ൽ, വിലയെ പരിഗണിക്കുവാൻ അവനെ ഇടയാക്കുന്ന ഒരു രീതിയിൽ രാജാവ് ഉത്തരം പറഞ്ഞു.

### C. തനിക്ക് വിശ്രമിക്കുവാൻ ഒരിടവുമില്ലെന്ന് രാജാവ് ശാസ്ത്രിക്ക് വെളിപ്പെടുത്തുന്നു

തന്നെ അനുഗമിക്കുവാൻ വന്ന ശാസ്ത്രിയോട് വാക്യം 20-ൽ കർത്താവു പറഞ്ഞു, "കുറുനരികൾക്ക് കുഴികളും ആകാശത്തിലെ പറവകൾക്ക് കൂടുകളും ഉണ്ട്, എന്നാൽ മനുഷ്യപുത്രന് തല ചായ്ക്കുവാൻ ഒരിടവും ഇല്ല." ഇവിടെ കർത്താവ് അവനെത്തന്നെ മനുഷ്യപുത്രനായി പരാമർശിക്കുന്നു.

തന്റെ രാജകീയ ശുശ്രൂഷയിൽ പുതിയ രാജാവ് 16:13-17 വരെ തുടർച്ചയായി മനുഷ്യപുത്രനെന്ന നിലയിൽ നിന്നു. രാജ്യത്തിന്റെ രാജാവിന് കുറുനരികൾക്കും പറവകൾക്കും ഉള്ളതുപോലെ ഒരു വിശ്രമസ്ഥലംപോലും ഉണ്ടായിരുന്നില്ല. ഇതു തെളിയിക്കുന്നത് അവൻ സ്ഥാപിച്ചുകൊണ്ടിരുന്ന രാജ്യം ഭൗമിക പ്രകൃതമുള്ള ഭൗതികമായതല്ലായിരുന്നു, പിന്നെയോ സ്വർഗീയ പ്രകൃതമുള്ള ആത്മികമായതായിരുന്നു എന്നാണ്. കർത്താവ് ശാസ്ത്രിയോട് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "എന്നെ അനുഗമിക്കുവാൻ നീ ഇച്ഛിക്കുന്നുവോ? നീ വിലയെ വിലകുറച്ചു കണ്ടിരിക്കുന്നു. ഞാൻ ആരുമല്ലെന്നും എനിക്ക് ഒന്നുമില്ലെന്നും ഒരു ശാസ്ത്രിയും സമൂഹത്തിൽ ഉന്നതപദവിയുള്ള പഠിപ്പുള്ളവനുമായ നീ തിരിച്ചറിയണം. എനിക്ക് കുറുനരികളെക്കാളും പറവകളെക്കാളും അല്പമേയുള്ളൂ, കാരണം എന്റെ തല ചായ്ക്കുവാൻ എനിക്ക് ഒരിടവും ഇല്ല." ശാസ്ത്രി നിരാശനായെന്നും അവനെ അനുഗമിച്ചില്ലെന്നും ഞാൻ വിശ്വസിക്കുന്നു. കർത്താവിനെ അനുഗമിക്കുന്നതിന്റെ തത്ത്വം ഇന്നും ഇതുപോലെ തന്നെയാണ്. നാം വില പരിഗണിക്കണം. ഈ രാജാവിനെ അനുഗമിക്കുന്ന കാര്യത്തിൽ യാതൊരു ഭൗതിക ആസ്വാദനവും ഇല്ല.

## D. തന്റെ അപ്പനെ ആദ്യം അടക്കംചെയ്യുവാൻ മറ്റൊരു ശിഷ്യൻ അനുവാദം ചോദിക്കുന്നു

വാക്യം 21 പറയുന്നു, "പിന്നെ ശിഷ്യന്മാരിൽ വേറൊരുവൻ അവനോട്, കർത്താവേ ആദ്യം പോയി എന്റെ അപ്പനെ അടക്കംചെയ്യുവാൻ എന്നെ അനുവദിക്കേണം എന്നു പറഞ്ഞു." ഇങ്ങനെ പറയുന്നതിൽ, ഒരു ശാസ്ത്രിയല്ലാതിരുന്ന ഈ ശിഷ്യൻ സ്വർഗീയരാജ്യത്തിന്റെ രാജാവിനെ അനുഗമിക്കുന്നതിന്റെ വില അമിതമായി കണക്കാക്കി. ആദ്യത്തെ സംഭവത്താൽ പ്രത്യക്ഷത്തിൽ മുന്നറിയിപ്പു ലഭിച്ച ഈ ശിഷ്യൻ വിലയെ കണക്കിലേറെ മതിച്ചു. അവൻ കർത്താവിനോട് ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "ഞാൻ നിന്നെ അനുഗമിക്കും, എന്നാൽ എനിക്ക് മരിച്ചുപോയ ഒരു അപ്പനുണ്ട്. ആദ്യം ഞാൻ മടങ്ങിപ്പോയി അവനെ അടക്കംചെയ്യട്ടെ, എന്നിട്ട് നിന്നെ അനുഗമിക്കുവാൻ ഞാൻ മടങ്ങിവരും."

## E. തന്നെ അനുഗമിക്കുവാനും മരിച്ചവനെ മരിച്ചവരുടെ പക്കൽ ഏല്പിക്കുവാനും രാജാവ് ശിഷ്യനോടു പറയുന്നു

ഈ ശിഷ്യൻ രാജാവിനെ അനുഗമിക്കുന്നതിന്റെ വിലയെ കണക്കിലേറെ മതിച്ചതു നിമിത്തം, തന്നെ അനുഗമിക്കുവാനും അവന്റെ അപ്പന്റെ അടക്കം മറ്റുള്ളവരെ ഏല്പിച്ചുകൊണ്ട് വിലയെക്കുറിച്ചുള്ള അവന്റെ പരിഗണനയെ വിട്ടുകളയുവാനും

അവനെ പ്രോത്സാഹിപ്പിക്കുന്ന രീതിയിൽ അവനോട് അവൻ ഉത്തരം പറഞ്ഞു. കർത്താവു പറഞ്ഞു, "എന്നെ അനുഗമിക്കുക: മരിച്ചവരെ തങ്ങളുടെതന്നെ മരിച്ചവർ അടക്കംചെയ്യുവാൻ വിട്ടുകൊടുക്കുക." കർത്താവായ യേശു എത്ര അത്ഭുതവാനാണ്! ഒന്നാമത്തവനെ അവൻ മനഃപൂർവം നിരാശപ്പെടുത്തുകയും രണ്ടാമത്തവനെ ആലോചനാപൂർവം പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ജനത്തോട് ഇടപെടുന്നതിൽ കർത്താവ് വളരെ ജ്ഞാന മുള്ളവനായിരുന്നു. ഞാൻ കർത്താവായ യേശുവായിരുന്നെങ്കിൽ, എന്നെ അനുഗമിക്കുവാൻ ഒരു ശാസ്ത്രി ആഗ്രഹിക്കുന്നു എന്നു കേട്ടിട്ട് ഞാൻ ആവേശഭരിതനാകുകയും അങ്ങനെ ചെയ്യുവാൻ ഞാൻ അവനെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ കർത്താവ് അവനുനേരെ തണുപ്പനായിരിക്കുകയും അവനെ ഒട്ടും പോത്സാപ്പിക്കാതെയും ഇരുന്നു. മറിച്ച്, അവൻ ഇങ്ങനെ പറഞ്ഞതായി തോന്നുന്നു, "നീ എന്നെ അനുഗമിക്കുമോ? നിനക്കൊരു നല്ല കിടക്ക, നിന്റെ തല ചായ്ക്കുവാൻ ഒരു ആശ്വസപ്രദമായ ഒരു സ്ഥലം ഉണ്ട്. എന്നാൽ എന്നെ അനുഗമിക്കുവാൻ നീ വരുന്നുവെങ്കിൽ, നിന്റെ തല ചായ്ക്കുവാൻ ഒരു ഇടം ഉണ്ടായിരിക്കുകയില്ല. പറവൾക്കും കുറുനരികൾക്കും ഉള്ളതിനെക്കാൾ അല്പമേ എനിക്കുള്ളൂ." അങ്ങനെ, ഉന്നത പദവിയുള്ള ഈ വ്യക്തിയെ അവൻ നിരുത്സാഹപ്പെടുത്തി. എന്നാൽ നിസാരമോ അയഞ്ഞതോ ആയ ഒരു രീതിയിൽ കർത്താവിനെ അനുഗമിക്കരുതെന്ന് ഈ സംഭവത്താൽ മുന്നറിയിപ്പു ലഭിച്ച ശിഷ്യനോട് കർത്താവ് പ്രോത്സാഹനത്തിന്റെ ഒരു വാക്കു നൽകി. അവൻ ഉണ്ടാക്കിക്കൊണ്ടിരുന്ന എല്ലാ ഒരുക്കങ്ങളെയും കുറിച്ച് മറന്നിട്ട്, മരിച്ചവരെ മരിച്ചവർക്ക് അടക്കംചെയ്യുവാൻ ഏല്പിക്കുവാനും, അവനെ അനുഗമിക്കുവാനും കർത്താവിന്റെ വാക്ക് അവനെ പ്രോത്സാഹിപ്പിച്ചു.

ജനത്തെ ബന്ധപ്പെടുന്നത് എളുപ്പമല്ലെന്ന് ഈ രണ്ടു സംഭവങ്ങളിലൂടെ നാം കാണുന്നു. ഇന്ന് ഈ രണ്ടുപേർ നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ ഇവരോട് നിങ്ങൾ എങ്ങനെ ഇടപെടുമായിരുന്നു? ഒരുപക്ഷേ അവരെ രണ്ടുപേരെയും നിങ്ങൾ സ്വീകരിക്കുമായിരുന്നു. എന്നാൽ, ഒരുവനെ നിരുത്സാഹപ്പെ ടുത്തുകയും മറ്റവനെ പ്രോത്സാഹിപ്പിക്കുകയും ചെയ്തുകൊണ്ട് കർത്താവ് അവരെ തമ്മിൽ വേർതിരിച്ചു.

സ്വർഗീയ രാജാവിനെ അനുഗമിക്കുന്ന മാർഗം ഈ രണ്ടു സംഭവങ്ങളിൽ നാം കാണുന്നു. ഒന്നാമത്, നാം അവനെ അനുഗമിക്കുമ്പോൾ യാതൊരു ഭൗതിക ആസ്വാദനവും ഉണ്ടായിരിക്കുവാൻ നാം പ്രതീക്ഷിക്കരുത്. രണ്ടാമത്, അവനെ അനുഗമിക്കുന്നതിനായി, മരിച്ചവരുടെ ആവശ്യകതകൾ നാം അവഗണിക്കണം. "മരിച്ചവർ തങ്ങളുടെതന്നെ മരിച്ചവരെ

അടക്കം ചെയ്യട്ടെ" എന്ന് കർത്താവ് ശിഷ്യനോടു പറഞ്ഞു. ഒന്നാമത്തെ മരിച്ചവർ എഫെസ്യർ 2:1-ലും, 5-ലും പറഞ്ഞിരിക്കുന്ന ആത്മികമായി മരിച്ച ജനത്തെ പരാമർശിക്കുന്നു; രണ്ടാമത്തേത് ശിഷ്യന്റെ ഭൗതികമായി മരിച്ചുപോയ അപ്പനെ പരാമർശിക്കുന്നു. ഒടുവിൽ, ആത്മികമായി മരിച്ചവർ ഭൗതികമായി മരിച്ചവരെ അടക്കംചെയ്യുന്ന കർത്തവ്യം നിറവേറ്റും. മരിച്ചവർക്കുവേണ്ടിയുള്ള കർത്തവ്യം നിറവേറ്റുവാൻ നാം മടങ്ങിപ്പോകരുതെന്ന് അനുഭവത്തിലൂടെ നാം പഠിച്ചിട്ടുണ്ട്. മരിച്ചവർക്കുവേണ്ടി മരിച്ചവർതന്നെ തങ്ങളുടെ കർത്തവ്യങ്ങൾ ചെയ്യട്ടെ. നാം ജീവനുള്ളവരാണ്, രാജാവിനെ അനുഗമിക്കുവാൻ നാം മുന്നോട്ടു പോകണം. എന്നാൽ യാതൊരു ഭൗതിക ആസ്വാദനവും പ്രതീക്ഷിക്കരുത്, കാരണം നിങ്ങൾക്ക് ഒരു പക്ഷിക്കൂടോ, ഒരു കോഴിക്കൂടോ, നിങ്ങളുടെ തല ചായ്ക്കുവാൻ ഒരു ഇടമോ ഉണ്ടായിരിക്കുകയില്ല. നിങ്ങൾ യാതൊരു ഭൗതിക ആസ്വാദനവും പ്രതീക്ഷിക്കാതിരിക്കുകയും, നിർജ്ജീവമായ കർത്തവ്യങ്ങൾ മരിച്ചവരെ ഏല്പിക്കുകയും ചെയ്യുന്നുവെങ്കിൽ, അവനെ അനുഗമിക്കുവാൻ നിങ്ങൾക്ക് മുന്നോട്ടു പോകുവാൻ കഴിയും.